## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ . 1346** **22.03.2013- ലെ മറുപടിക്ക്**

# വിഷൻ 2030 പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. റ്റി. എൻ. പ്രതാപൻ :<br>„ ബെന്നി ബെഹനാൻ :<br>„ വി. ഡി. സതീശൻ :<br>„ ജോസഫ് വാഴക്കൻ : | | **ശ്രീ. കെ.സി. ജോസഫ്**<br>(ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| (എ) | വിഷൻ 2030 പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (എ) | വിവിധ മേഖലകളിൽ ദീർഘകാല വികസന ലക്ഷ്യങ്ങളും അവ കൈവരിക്കുന്നതിനുള്ള വികസന പദ്ധതികളും യാഥാർത്ഥ്യ ബോധത്തോടെ മുൻകൂട്ടി തയ്യാറാക്കുകയും പ്രസ്തുത പദ്ധതികൾ യഥാസമയം നടപ്പാക്കി കേരളത്തിന്റെ സമഗ്ര വികസനം സാധ്യമാക്കുകയുമാണ് വിഷൻ 2030 -ന്റെ ലക്ഷ്യം. |
| (ബി) | പദ്ധതിയുടെ വികസന രേഖ ആരാണ് തയ്യാറാക്കിയിട്ടുള്ളത്; | (ബി) | ന്യൂഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന നാഷണൽ കൗൺസിൽ ഫോർ അപ്ലൈഡ് ഇക്കണോമിക് റിസർച്ച് എന്ന സ്ഥാപനത്തിന്റെ സാങ്കേതിക സഹായത്തോടെയാണ് വിഷൻ (പെഴ്സ്പെക്ടീവ് പ്ലാൻ) 2030 തയ്യാറാക്കുന്നത്. |
| (സി) | വികസന രേഖയിലുള്ള നിർദ്ദേശങ്ങൾ സ്വീകരിക്കുവാനും ചർച്ചയ്ക്കുള്ള അവസരം ഒരുക്കുവാനും നടപടി സ്വീകരിക്കുമോ; | (സി) | എം.എൽ.എ.മാർ, യുവജനങ്ങൾ, രാഷ്ട്രീയ പാർട്ടികൾ എന്നിവരുമായി കരട് പദ്ധതി ചർച്ച ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ, പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിനായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതുമാണ്. |
| (ഡി) | പദ്ധതി സംബന്ധിച്ച അന്തിമ രൂപം എപ്പോൾ തയ്യാറാകും എന്നറിയിക്കുമോ? | (ഡി) | 2013 മേയ് മാസം അവസാനത്തോടെ പദ്ധതിക്ക് അന്തിമരൂപം നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ.**